# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:76 30.06.2016 - ൽ മറുപടിക്ക്

## കുടിവെള്ളപ്രശ്നം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്. ശർമ്മ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.ജോർജ് എം. തോമസ്<br>പ്രൊഫ.കെ.യു. അരുണൻ | ശ്രീ. മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് രൂക്ഷമായ കുടിവെള്ളപ്രശ്നം നേരിട്ടിട്ടും മുൻ സർക്കാർ വേണ്ടത്ര ജാഗ്രതയോടെ പ്രവർത്തിക്കാതിരുന്നത് സ്വകാര്യ കുടിവെള്ള കമ്പനികളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) സർക്കാരിന്റെ പരിഗണനയിലേയ്ക്ക് ഈ ആക്ഷേപം വന്നിട്ടില്ല. |
| (ബി) സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലത്ത് താൽക്കാലികമായി വിതരണം ചെയ്ത കുടിവെള്ളം വേണ്ടത്ര ശുദ്ധീകരിക്കാത്തതോ അശുദ്ധമായതോ ആണെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കുടിവെള്ള വിതരണത്തിന്റെ പ്രഭവ കേന്ദ്രത്തെ സംബന്ധിച്ച് നിരീക്ഷണവും, നിയന്ത്രണവും, നിബന്ധനയും പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ താൽക്കാലികമായി ടാങ്കറുകൾ വഴി വിതരണം ചെയ്യുന്നതിനായി കേരള ജല അതോറിറ്റിയുടെ ജല ശുദ്ധീകരണ കേന്ദ്രങ്ങളിൽ നിന്നും നൽകുന്ന കുടിവെള്ളം പൂർണ്ണമായും ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയതാണ്. കേരള ജല അതോറിറ്റി പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നതിനായി ശുദ്ധീകരിച്ച് ഗുണനിലവാരം ഉറപ്പാക്കിയ കുടിവെള്ളം തന്നെയാണ് താൽക്കാലിക ജലവിതരണത്തിനായും ഉപയോഗിക്കപ്പെടുന്നത്. |

കേരള ജല അതോറിറ്റിയുടെ ജലശുദ്ധീകരണശാലകളിൽ ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചു വരുന്നുണ്ട്.

കൂടാതെ കുടിവെള്ള ആവശ്യത്തിനായി ജലം ശേഖരിക്കുന്ന സ്രോതസ്സുകൾ മാലിന്യമുക്തമാണെന്നും കുടിവെള്ളത്തിന് യോഗ്യമാണ് എന്നും വാട്ടർ അതോറിറ്റിയെക്കൊണ്ട് പരിശോധിപ്പിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ സ്രോതസ്സിൽ നിന്നും ഗുണനിലവാരം പരിശോധിച്ച് കേരള വാട്ടർ അതോറിറ്റിയുടെ പൂർണ്ണ ഉത്തരവാദിത്തത്തിലാണ് കുടിവെള്ളം ടാങ്കറുകളിലേക്ക് ശേഖരിച്ച് വിതരണം ചെയ്തിട്ടുള്ളത്. ജല അതോറിറ്റിയുടെ സ്രോതസ്സുകളിൽ നിന്നും ജലം ലഭ്യമാകാത്ത പ്രദേശങ്ങളിൽ ജലവിതരണത്തിനുപയോഗിക്കുന്ന സ്രോതസ്സ് ബന്ധപ്പെട്ട തഹസീൽദാർ അംഗീകൃത പരിശോധനാ ലാബിൽ നിന്നുമുള്ള പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർട്ടിഫൈ ചെയ്യുകയും ഇപ്രകാരമുള്ള സ്രോതസ്സുകളിൽ നിന്നുമാത്രമായി ജലസംഭരണം

പരിമിതപ്പെടുത്തുകയും ചെയ്തിരുന്നു. ജലശേഖരണം മുതൽ വിതരണം പൂർത്തീകരിക്കുന്നതു വരെ വാഹനത്തിൽ ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം ഉറപ്പാക്കിയിരുന്നു. എപ്പിക്കോട്ടിംഗ് ഉള്ള വാഹനങ്ങളും കുടിവെള്ള വിതരണത്തിന് ഉപയോഗി ച്ചിരുന്നു.

സംസ്ഥാനത്ത് വാട്ടർ അതോറിറ്റി ഒഴികെയുള്ള എല്ലാ കുടിവെള്ള സ്രോതസ്സുകൾക്കും ഭക്ഷ്യ സുരക്ഷാ വകുപ്പ് നൽകുന്ന ലൈസൻസോ, രജിസ്ട്രേഷനോ ഉണ്ടായിരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ ഇത്തരം ലൈസൻസോ, രജിസ്ട്രേഷനോ ഉള്ള സ്രോതസ്സുകളിൽ നിന്നു മാത്രമേ കുടിവെള്ളം ശേഖരി ക്കാവൂ എന്നതടക്കം ഇതു സംബന്ധിച്ച് മാനദണ്ഡങ്ങൾ ഭക്ഷ്യസുരക്ഷാ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാനദണ്ഡങ്ങൾ കുടിവെള്ളം വിതരണം ചെയ്യുന്ന എല്ലാവരും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

സെക്ഷൻ ഓഫീസർ